പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 482 06.02.2013 -ലെ മറുപടി

**കെ.എസ്.ആർ.ടി.സി. യിലെ അഡ്മിനിസ്ട്രേഷൻ ജോലികൾ**

ചോദ്യം ഉത്തരം

ശ്രീ. എം. ഉമ്മർ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ അഡ്മിനിസ്ട്രേഷൻ വിഭാഗം നിർവ്വഹിക്കുവാനുള്ള ജോലികൾ മറ്റു വിഭാഗം ജീവനക്കാർ മുഖേന ചെയ്യിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിൽ ജോലി ചെയ്യിക്കുന്നതു മൂലം അഡ്മിനിസ്ട്രേഷൻ വിഭാഗത്തിന്റെ ഒഴിവുകൾ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) | ഒഴിവുകൾ നഷ്ടപ്പെട്ടിട്ടില്ല. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ലഭ്യത കുറവ് കാരണമാണ് താൽക്കാലികമായി മറ്റ് വിഭാഗങ്ങളിലെ ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്നത്. കൂടാതെ, പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.യെ ഒഴിവുകളുടെ വിവരം അറിയിച്ചിട്ടുണ്ട്. |
| (സി) | ഹയർ ഡിവിഷൻ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരവരുടെ കീഴിൽ ജോലി ചെയ്യാൻ ഏതു വിഭാഗം ജീവനക്കാരെയും നിയമിക്കുവാൻ അധികാരം നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ ? | (സി) | ഒഴിവ് വന്ന തസ്തികകളിൽ ആവശ്യമായ ജീവനക്കാർ ഇല്ലാതെ വരുമ്പോൾ മറ്റ് വിഭാഗങ്ങളിൽ നിന്നുള്ള ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കാറുണ്ട്. ഇതല്ലാതെ പ്രത്യേക അധികാരങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടില്ല |
| (ഡി) | അത്തരത്തിൽ ഏതെല്ലാം ഓഫീസർമാരാണ് അഡ്മിനിസ്ട്രേഷൻ വിഭാഗം ചെയ്യേണ്ട ജോലികൾ മറ്റു വിഭാഗക്കാരെക്കൊണ്ടു ചെയ്യിക്കുന്നത് ; അത്തരത്തിൽ എത്ര | (ഡി) | അസുഖം മൂലമോ, ഡ്യൂട്ടിയിൽ സംഭവിക്കുന്ന അപകടം മൂലമോ ലൈൻ ഡ്യൂട്ടി (ഓപ്പറേറ്റിംഗ് വിഭാഗം) -യിൽ തുടരാൻ കഴിയാത്ത ജീവന |

| | | | |
|---|---|---|---|
| | ജീവനക്കാർ ജോലി ചെയ്യുന്നു ; വിശദമാക്കുമോ ? | | ക്കാരെ താൽക്കാലികമായി വേക്കൻസിയുള്ള സ്ഥലങ്ങളിൽ മറ്റു ജോലികളിൽ നിയോഗിക്കാറുണ്ട്. ഈ സാഹചര്യം മിക്കവാറും എല്ലാ യൂണിറ്റിലും, ചീഫ് ഓഫീസിലും നിലവിലുണ്ട്. താൽക്കാലികാടിസ്ഥാനത്തിൽ ആയതിനാൽ എണ്ണം തിട്ടപ്പെടുത്താൻ കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ